ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 01.07.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1.) തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും,സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനുമായി, ഒരു ലക്ഷം കോടി രൂപയുടെ തൊഴിൽ-ബന്ധിത പ്രോത്സാഹന പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

**The Union Cabinet today approved one lakh crore rupees employment-linked incentive scheme to boost employment generation in the country.**

2.) പുതിയ ക്രിമിനൽ നിയമങ്ങൾ സമീപ ഭാവിയിൽ നീതിന്യായ വ്യവസ്ഥയിൽ സമഗ്ര പരിവർത്തനം സൃഷ്ടിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

**Union Home Minister Amit Shah has said that the three new Criminal Laws will transform the criminal justice system in the days to come.**

3.) ഇന്ത്യ- അമേരിക്ക വ്യാപാര കരാറിനായുള്ള ചർച്ച വിജയകരമായി പര്യവസാനിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യ മന്ത്രി എസ ജയ്ശങ്കർ.

**External Affairs Minister S Jaishankar said that India-US trade deal talks will conclude successfully.**

4.) മാർക്ക് ഏകീകരണത്തിൽ വിദഗ്ധ സമിതി നൽകിയ ശുപാർശ കേരള മന്ത്രിസഭ അംഗീകരിച്ചതിന് പിന്നാലെ 2025 ലെ കീം പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു.

**India The 2025 KEAM exam results were published after the Kerala Cabinet approved the recommendation of the expert committee.**

5.) ഇന്ത്യ-ഇംഗ്ലണ്ട് രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് നാളെയാരംഭിക്കും; ജസ്പ്രീത് ബുംറ കളിക്കുമോയെന്നതിൽ ആകാംക്ഷ; ഇംഗ്ലണ്ട് ടീമിൽ മാറ്റമില്ല.

**India-England second cricket Test starts tomorrow; Curiosity brews over Bumrah's chances of playing;**

6.) തായ്‌ലൻഡ് പ്രധാനമന്ത്രി പെയ്‌റ്റോങ്‌ടാൺ ഷിനവത്തിനെ പദവിയിൽ നിന്ന് നീക്കം ചെയ്ത് ഭരണഘടനാ കോടതി.

**Thailand's Constitutional Court removes Prime Minister Paetongtarn Shinawatra from office.**

**&&&&&&&&&&&&&&&&**

## CABINET – EMPLOYMENT (intro)

രാജ്യത്ത് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും, അതുവഴി സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനുമായി, ഏകദേശം ഒരു ലക്ഷം കോടി രൂപയുടെ തൊഴിൽ-ബന്ധിത പ്രോത്സാഹന പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭ ഇന്ന് അംഗീകാരം നൽകി. രണ്ട് വർഷത്തിനുള്ളിൽ രാജ്യത്ത് 3.5 കോടിയിലധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പ്രകാരം ആദ്യമായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് 15,000 രൂപ വരെ ഒരു മാസത്തെ വേതനമായി ലഭിക്കുമെന്ന് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവേ കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(ബൈറ്റ് )

അധിക തൊഴിൽ സൃഷ്ടിക്കുന്ന തൊഴിലുടമകൾക്ക് രണ്ട് വർഷം വരെ പ്രോത്സാഹനങ്ങൾ നൽകുമെന്നും നിർമ്മാണ മേഖലയ്ക്ക് രണ്ട് വർഷത്തേക്ക് കൂടി ആനുകൂല്യങ്ങൾ ലഭ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

.

**&&&&&&&&&&&&&&&&**

## CABINET – 2 (INTRO)

തമിഴ്നാട്ടിലെ പരമകുടി-രാമനാഥപുരം നാലുവരി പാതയുടെ നിർമ്മാണമുൾപ്പെടെ വിവിധ പദ്ധതികൾക്കും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി

**വിശദാംശങ്ങളിലേക്ക്...........**

(വോയ്സ്)

**&&&&&&&&&&&&&&&&**

## Amit Shah

ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നീ മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ സമീപ ഭാവിൽ ക്രിമിനൽ നീതിന്യായ വ്യവസ്ഥയിൽ സമഗ്ര പരിവർത്തനം സൃഷ്ടിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കി ഒരു വർഷം തികയുന്നതുമായി ബന്ധപ്പെട്ട ചടങ്ങിൽ സംസാരിക്കവേ, സംവിധാനം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകാൻ മൂന്ന് വർഷമെടുക്കുമെന്ന് ശ്രീ ഷാ വ്യക്തമാക്കി.

**&&&&&&&&&&&&&&&&**

## Jaishankar –US

കഴിഞ്ഞ 25 വർഷത്തിനിടെ, ഇന്ത്യ- അമേരിക്ക ബന്ധത്തിൽ കാര്യമായ പുരോഗതി ദൃശ്യമായിട്ടുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ. ഇരു രാജ്യങ്ങളും തമ്മിൽ ശക്തവും ഭാവാത്മകവുമായ ബന്ധം സ്ഥാപിക്കുന്നതിന് കഴിഞ്ഞ അഞ്ച് യുഎസ് പ്രസിഡന്റുമാരും ശ്രദ്ധേയമായ സംഭാവന നൽകിയിട്ടുണ്ടെന്ന് ഇപ്പോൾ അമേരിക്കയിലുള്ള വിദേശകാര്യ മന്ത്രി വ്യക്തമാക്കി. ഇന്ത്യ- അമേരിക്ക വ്യാപാര കരാറിനായുള്ള

ചർച്ച വിജയകരമായി പര്യവസാനിക്കുമെന്നും വിദേശകാര്യ മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

## RAILONE APP

റെയിൽവൺ ആപ്പ് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് പുറത്തിറക്കി. റെയിൽ യാത്രാ സേവനങ്ങൾക്കുള്ള ഏകജാലക പരിഹാരമാണ് പുതിയ ആപ്പ്. ടിക്കറ്റ് ബുക്കിംഗ്, അന്വേഷണങ്ങൾ, പിഎൻആർ, യാത്രാ ആസൂത്രണം, റെയിൽ മദത്, ട്രെയിനിലെ ഭക്ഷണം തുടങ്ങിയ സേവനങ്ങൾ പുതിയ ആപ്പ് ലഭ്യമാക്കും.

&&&&&&&&&&&&&&&

## INDIA-PAKISTAN PRISONERS

കസ്റ്റഡിയിലുള്ള സാധാരണ പൗരന്മാരുടെയും മത്സ്യത്തൊഴിലാളികളുടെയും പട്ടിക ഇന്ത്യയും പാകിസ്ഥാനും ഇന്ന് പരസ്പരം കൈമാറി. 382 സാധാരണ തടവുകാരുടെയും 81 മത്സ്യത്തൊഴിലാളികളുടെയും പേരുകൾ ഇന്ത്യ കൈമാറി. 53 സാധാരണ തടവുകാരുടെയും 193 മത്സ്യത്തൊഴിലാളികളുടെയും പേരുകൾ പാകിസ്ഥാൻ നൽകി. സർക്കാരിന്റെ നിരന്തര ശ്രമങ്ങളുടെ ഫലമായി 2014 ന് ശേഷം 2661 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെയും 71 ഇന്ത്യൻ സാധാരണക്കാരെയും പാകിസ്ഥാനിൽ നിന്ന് തിരിച്ചെത്തിച്ചതായി കേന്ദ്ര സർക്കാർ അറിയിച്ചു.

&&&&&&&&&&&&&&&

## TN-CRACKER FACTORY

തമിഴ്നാട്ടിൽ പടക്ക ഫാക്ടറിയിൽ ഉണ്ടായ സ്ഫോടനത്തിൽ എട്ട് പേർ കൊല്ലപ്പെട്ടു. സത്തൂർ വിരുദുനഗർ ജില്ലയിലെ പടക്ക നിർമ്മാണ കേന്ദ്രത്തിൽ ഇന്ന് നടന്ന സംഭവത്തിൽ അഞ്ച്

പേർക്ക് പരിക്കേൽക്കുകയും ചെയ്തു. സംഭവത്തിൽ തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ അനുശോചനം രേഖപ്പെടുത്തി. മരണമഞ്ഞവരുടെ കുടുംബങ്ങൾക്ക് നാല് ലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപയും പരിക്കേറ്റ മറ്റുള്ളവർക്ക് 50,000 രൂപയും വീതം സർക്കാർ ധനസഹായം പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&

## GST 8 YEARS

രാജ്യത്ത് ചരക്ക് സേവന നികുതി നടപ്പിലാക്കിയിട്ട് എട്ട് വർഷം പൂർത്തിയാകുന്നു. ഇന്ത്യയുടെ സാമ്പത്തിക ഭൂമികയെ പുനർനിർമ്മിച്ച നാഴികക്കല്ലായി ജിഎസ്ടി നിലകൊള്ളുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. സുതാര്യതയും കാര്യക്ഷമതയും മെച്ചപ്പെടുത്തിയതിലൂടെ കൂടുതൽ ശക്തവും സമഗ്രവുമായ സമ്പദ്‌വ്യവസ്ഥയ്ക്ക് അടിത്തറ പാകാൻ GST സഹായകമായി. എട്ടാം വാർഷികത്തോടനുബന്ധിച്ച് ടാക്സ് കൺസൾട്ടന്റ് ആൻഡ് പ്രാക്ടീസേഴ്സ് അസോസിയേഷൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച പ്രഭാഷണ പരമ്പര സംസ്ഥാന ജിഎസ്ടി സ്പെഷ്യൽ കമ്മീഷണർ എബ്രഹാം റെൻ ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&

## CM –KANNUR (INTRO)

സംസ്ഥാന സർക്കാരിൻറെ മുൻഗണനാ പദ്ധതികളുടെ പുരോഗതി കണ്ണൂരിൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന മേഖലാതലയോഗം അവലോകനം ചെയ്തു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.

(വോയ്സ്)

&&&&&&&&&&&&&&&

## KEAM – R BINDU (INTRO)

2025 - ലെ കീം പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. എൻജിനീയറിങ് ഒന്നാം റാങ്ക് മൂവാറ്റുപുഴ സ്വദേശി ജോൺ ഷിനോജിനും രണ്ടാം റാങ്ക് എറണാകുളം സ്വദേശി ഹരികൃഷ്ണനും നേടി. മാർക്ക് ഏകീകരണത്തിൽ എല്ലാ കുട്ടികൾക്കും നീതി ഉറപ്പാക്കിയതായി മന്ത്രി ആർ ബിന്ദു കോഴിക്കോട് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

(വോയിസ്)

&&&&&&&&&&&&&&&

## SURESHGOPI

പ്രകൃതിയോടും മണ്ണിനോടും മനുഷ്യൻ ഉത്തരവാദിത്ത ബോധത്തോടെ പെരുമാറണമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. കേന്ദ്ര പെട്രോളിയം & പ്രകൃതി വാതക മന്ത്രാലയത്തിന് കീഴിലുള്ള, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ്റെ ആഭിമുഖ്യത്തിൽ കോട്ടയത്ത്, സംഘടിപ്പിച്ച സ്വച്ഛതാ വാരാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭൂമിയെ മാതൃഭാവത്തിൽ നിലനിർത്താൻ പ്രകൃതിയുടെ സംരക്ഷണം അനിവാര്യമാണെന്നും ശ്രീ സുരേഷ് ഗോപി പറഞ്ഞു.

&&&&&&&&&&&&&&&

## VAN MAHOLSAV-A K SASEENDRAN (INTRO)

ജൂലൈ ആദ്യവാരം രാജ്യവ്യാപകമായി നടക്കുന്ന വന മഹോത്സവത്തിന്റെ ഭാഗമായി കേരളത്തിൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. വന സംരക്ഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിനും ഗ്രാമ - നഗര പ്രദേശങ്ങളിൽ വൃക്ഷ തൈകൾ നടുകയും മരങ്ങൾ നടേണ്ടതിന്റെ ആവശ്യകത പ്രചരിപ്പിക്കുകയും ചെയ്യുകയാണ് വന മഹോത്സവത്തിന്റെ ലക്ഷ്യം . 1950-ൽ അന്നത്തെ കേന്ദ്ര കൃഷി- മന്ത്രിയായിരുന്ന കെ.എം. മുൻഷിയാണ് ഇന്ത്യയിലുടനീളം ജൂലൈ 1 മുതൽ 7 വരെ വന മഹോത്സവം ആചരിക്കുന്നതിനു തുടക്കമിട്ടത്. വന മഹോത്സവം 2025 ന്റെ സംസ്ഥാന തല ഉദ്ഘാടനം

മറ്റന്നാൾ കോട്ടയം സി എം എസ്സ് കോളേജിൽ മന്ത്രി എ കെ ശശീന്ദ്രൻ നിർവ്വഹിക്കും . ഇക്കോ ടൂറിസം വെബ്സൈറ്റ് , "ട്രീ ബാങ്കിംഗ് പദ്ധതി എന്നിവയുടെ ഉദ്ഘാടനവും അതോടൊപ്പം നടത്തുമെന്നും മന്ത്രി ആകാശവാണി വാർത്തകളോട് പറഞ്ഞു. (ഹോൾഡ് വോയിസ് )

**&&&&&&&&&&&&&&&**

## THAILAND PM SUSPENSION

തായ്ലൻഡ് പ്രധാനമന്ത്രി പെയ്റ്റോങ്ടാൺ ഷിനവത്തിനെ പദവിയിൽ നിന്ന് താൽക്കാലികമായി നീക്കം ചെയ്ത് തായ്ലൻഡ് ഭരണഘടനാ കോടതി. മുൻ കംബോഡിയൻ പ്രധാനമന്ത്രി ഹുൻ സെന്നുമായി അവർ നടത്തിയ ഫോൺ സംഭാഷണം പുറത്തുവന്നതിനെ തുടർന്നാണ് നടപടി. അടുത്തിടെയുണ്ടായ അതിർത്തി സംഘർഷം കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മുൻ കംബോഡിയൻ പ്രധാനമന്ത്രിയുമായി നടന്ന ചർച്ച വിവാദമായിരുന്നു .

**&&&&&&&&&&&&&&&**

## CRICKET

ഇന്ത്യ-ഇംഗ്ലണ്ട് രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് നാളെയാരംഭിക്കും. പേസ് ബൗളിങ്ങിനെ തുണയ്ക്കുന്ന എഡ്ജ്ബാസ്റ്റണിലെ പിച്ചിലാണ് കളി. ഫാസ്റ്റ് ബൗളർ ജസ്പ്രീത് ബുംറ കളിക്കുമോയെന്നതിൽ ആകാംക്ഷ നിലനിൽക്കുന്നു. ഓൾറൗണ്ടർ ഷാർദൂൽ ഠാക്കൂറിനു പകരം സ്പിന്നർ കുൽദീപ് യാദവിനെ പരിഗണിച്ചേക്കും. ബാറ്റിങ്ങിൽ വലിയ അഴിച്ചു പണിക്ക് സാധ്യതയില്ല. ആദ്യ ടെസ്റ്റ് ജയിച്ച ഇംഗ്ളണ്ട് ടീമിൽ മാറ്റമില്ല. എഡ്ജ്ബാസ്റ്റണിൽ ഇതുവരെ ഇന്ത്യയ്ക്ക് ഒരു ടെസ്റ്റ് മത്സരം പോലും ജയിക്കാനായിട്ടില്ല എന്ന പ്രത്യേകതയുമുണ്ട്.

**&&&&&&&&&&&&&&&**

**&&&&&&&&&**

**&&&**